കേരളത്തിൽ ഇത് ഉത്സവങ്ങളുടെയും പൂരങ്ങളുടെയും കാലമാണ്. തൃശൂർ പൂരം കൂടി ആഗതമാകുന്നതോടെ ആഘോഷങ്ങൾക്കും മേളങ്ങൾക്കും കൊഴുപ്പ് കൂടും. ഈ ആരവങ്ങൾക്കിടയിൽ പൂരപ്രേമികൾ കണ്ടില്ലെന്ന് നടിക്കുന്നത് നാട്ടാനകളുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ആശങ്കകളെയാണ്. ഏറെ ചർച്ചചെയ്യപ്പെട്ടിട്ടും നിബന്ധനകൾ നിലവിൽ വന്നിട്ടും ആന പീഡനം മറയില്ലാതെ തുടരുന്ന പശ്ചാത്തലത്തിൽ ഗൗരവമായ വസ്തുതകൾ പങ്കുവയ്ക്കുന്നു നാട്ടാനകളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന ഹെറിറ്റേജ് അനിമൽ ടാസ്ക് ഫോഴ്സ് പ്രസിഡന്റ്

**വി.കെ. വെങ്കിടാചലം**

# ഈ ആനകളോട് എന്നാണ് അല്പം അലിവ് കാണിക്കാൻ കഴിയുക?

**കഴിഞ്ഞ** വർഷം കേരളത്തിൽ ചത്തൊടുങ്ങിയത് 37 നാട്ടാനകളാണ്. ഈ ഞെട്ടിക്കുന്ന കണക്കാണ് നാട്ടാനകളുമായി ബന്ധപ്പെട്ട് നടക്കുന്ന ചൂഷണങ്ങൾ ഗൗരവമായി എടുക്കേണ്ടതിന്റെ അനിവാര്യത നമ്മെ ബോധ്യപ്പെടുത്തുന്നത്. ഏഷ്യയിൽ ഇന്ന് നിലനിൽക്കുന്ന ഏറ്റവും വലിയ മൃഗമായ ആന ഇരുകാലിയായ കുശാഗ്രബുദ്ധിയുള്ള മനുഷ്യനു മുമ്പിൽ നിസ്സഹായരായി മാറുന്ന കാഴ്ച്ചയാണ് കാണാൻ കഴിയുന്നത്. കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന ആനകൾ 547 എണ്ണം മാത്രമാണ്. അവയിൽ 515 ഓളം വരുന്നവയ്ക്ക് യാതൊരു ഉടമസ്ഥാവകാശമോ രേഖകളോ ഇല്ല. 32 ആനകൾക്ക് മാത്രമാണ് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നിലവിലുള്ളതായി കാണുന്നത്. ഈ വസ്തുത വിരൽചൂണ്ടുന്നത് ആനമാഫിയകളുടെ ഇടയിലേക്കാണ്. നാം ഇന്ന് കാണുന്ന ആനകൾ എവിടെ നിന്നുമാണ് വരുന്നത്? അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കാട്ടാനകളെ നിയമവിരുദ്ധമായി നാട്ടാനകളാക്കുകയാണ്. അടിസ്ഥാനപരമായി ആന ഒരു കാട്ടുമൃഗമാണ്. എത്ര ശ്രമിച്ചാലും അതിനെ പൂർണ്ണമായി മെരുക്കാനാവില്ലെന്നത് വാസ്തവമാണ്. അതുകൊണ്ടുതന്നെ കാട്ടാനകളെ നിരന്തരമായി പരിശീലിപ്പിച്ചും പരുക്കേൽപ്പിച്ചും തങ്ങളുടെ കൈകരുത്തുപയോഗിച്ച് വരുതിയിലാക്കുകയാണ് മാഫിയകൾ. അതിന് ഒത്താശ ചെയ്യുന്നത് ഇവിടുത്തെ രാഷ്ട്രീയപാർട്ടികളും.

കാട്ടിൽ നിന്ന് പറിച്ചുനടുന്ന ആനകൾ കൂടുതലും പരിശീലന നാളുകളിൽത്തന്നെ ചത്തൊടുങ്ങുകയാണ് പതിവ്. അവശേഷിക്കുന്നവ മനുഷ്യന്റെ ചൂഷണങ്ങൾക്ക് വിധേയപ്പെടുന്നു. കൈക്കരുത്തുപയോഗിച്ച് തങ്ങളെ വരുതിയിലാക്കുന്നവരോട് അടങ്ങാനാവാത്ത രോഷം ആ ജീവിയിൽ ഉണ്ടാവുക സ്വാഭാവികമാണ്. അത് ചിലപ്പോഴെല്ലാം അവ പ്രകടമാക്കുകയും ചെയ്യുന്നു. അത്തരം പ്രകടനസ്വഭാവത്തെ ആനയുടെ മദം പൊട്ടലും ക്രൂരതയുമായി കാണുന്നവർ അതിനു പിന്നിലെ കാരണങ്ങൾക്കൂടി തിരിച്ചറിയുകയാണെങ്കിൽ നന്നായിരുന്നു. ആന ഉടമസ്ഥരും പാപ്പാന്മാരും ആരാധകരുമെല്ലാം ആനകളെ ഈ വിധം പീഡിപ്പിക്കുന്നതിൽ ഒരു വിഷമവും ഇല്ലാത്തവരാണ് എന്ന് തിരിച്ചറിയാൻ ഏറെ ദൂരമൊന്നും പോകേണ്ടതില്ല, നമ്മുടെ ഉത്സവപറമ്പുകളിലേക്ക് ഒന്ന് എത്തിനോക്കിയാൽ മതി.

ആനകളെ പകൽ പത്ത് മുതൽ നാല് വരെയുള്ള സമയങ്ങളിൽ തുറസ്സായ സ്ഥലത്ത് നിർത്തുന്നതും യാത്ര ചെയ്യിക്കുന്നതും എഴുന്നള്ളിക്കുന്നതുമെല്ലാം നിരോധിച്ച് കേരള ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചത് 2008 മാർച്ച് 14 നാണ്. ഹെറിറ്റേജ് ആനിമൽ ടാസ്ക് ഫോഴ്സ് നൽകിയ ഹർജിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിധി നടപ്പിലാക്കിയത്. എന്നാൽ വിധി നടപ്പിലാക്കുന്നതിൽ ഉത്സവസംഘാടകരുടെയും ആന ഉടമസ്ഥരുടെയും നിസ്സഹകരണമാണ് തുടരെ ഉണ്ടായിട്ടുള്ളത്. ആനകളെ സംരക്ഷിക്കുന്നതിന് നിയമങ്ങൾ അപര്യാപ്തമായിരിക്കുമ്പോൾ തന്നെയാണ് നിലവിലുള്ള നിയമങ്ങൾ ഇത്തരത്തിൽ അട്ടിമറിക്കപ്പെടുന്നത്. വന്യജീവി വകുപ്പിലെ കാട്ടാനകളെ നാട്ടാനകളാക്കി മാറ്റി നൽകുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ വന്യജീവി സംരക്ഷണ നിയമത്തിൽ ഈ ആനകളെ എങ്ങിനെ നിലനിർത്തണമെന്നോ ആനകൾ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനോ വ്യവസ്ഥകളില്ല.

നാട്ടാന പരിചരണ നിയമങ്ങളുടെ മുഴുവൻ ലംഘനവും ഉത്സവപ്പറമ്പുകളിൽത്തന്നെ നമുക്ക് കാണാനാകും. ഒരു ആനയ്ക്ക് ദിവസവും നൂറു ലിറ്റർ വെള്ളവും 500 കിലോ മൃദുവായ ഇലകളും നൽകണമെന്നതാണ് നിയമം. എന്നാൽ 90 ശതമാനം കനത്തതും കൂർത്തതുമായ പനമ്പട്ടയാണ് ഇവയ്ക്ക് നൽകുന്നത്. പനമ്പട്ട ഭക്ഷ്യയോഗ്യമാക്കുക എന്നത് ആനയുടെ ശ്രമകരമായ പരിശ്രമമാ



ണ്. ഇത്തരം പട്ടകൾ ആനകളുടെ അന്നനാളം മുതൽ ഗുദദ്വാരം വരെ മുറിവുണ്ടാക്കാറുണ്ട്. ആനയുടെ ഉത്സാഹവും ഉന്മേഷവും കുറച്ച് അതിനെ ശൗര്യമില്ലാത്ത മൃഗമായി മാറ്റുന്നതിനാണ് ഇത്തരം പട്ടകൾ നിരന്തരമായി നൽകുന്നത്. ഭൂരിഭാഗം വരുന്ന ആനകളുടെയും പുഷ്ടി നഷ്ടപ്പെടുന്നതിനും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുന്നതിനും ഒരു പരിധിവരെ അവയുടെ ഭക്ഷണമാണ് കാരണം. നടന്ന് ഭക്ഷിക്കുകയും ഇഷ്ടാനുസരണം ഉറങ്ങുകയും ചെയ്യേണ്ട സാഹചര്യങ്ങൾ ഇല്ലാതാക്കുന്ന ഏതവസ്ഥയും ആനകൾക്കെതിരെയുള്ള ചൂഷണമാണ്. മൃദു ഇലകളും വെള്ളവും നടന്നു ഭക്ഷിക്കേണ്ട ആനകളെ ലോറികളിലും മറ്റും നിർത്തി യാത്ര ചെയ്യിക്കുന്നതും ഉത്സവപറമ്പുകളിൽ മണിക്കൂറുകളോളം നിർത്തുകയും ചെയ്യുന്നത് അവയുടെ ദഹനപ്രക്രിയയെ സാരമായി ബാധിക്കുന്നു. കൂടാതെ, ആനകളുടെ മുകളിൽ ആളുകൾ കയറിനിൽക്കുന്നതും ശബ്ദഘോഷങ്ങൾക്കു നടുവിൽ ആനകളെ എഴുന്നള്ളിക്കുന്നതും നിയമവിരുദ്ധമാണ്. അഗ്രഭാഗം വളഞ്ഞ ലോഹദണ്ഡ് ചേർത്തുവെച്ച തോട്ടികൾ ആനകളുടെ നിയന്ത്രണത്തിനായി ഉപയോഗിക്കുമ്പോൾ ആനകളുടെ ശരീരത്തിൽ വലിയ മുറിവുകളുണ്ടാകുന്നു. നിയന്ത്രണത്തിനായി ഉപയോഗിക്കുന്ന വടികളുടെ അറ്റങ്ങളിൽ വണ്ടികളുടെ ബോൾട്ടുകൾ ചേർത്തുവയ്ക്കുന്നത് ആനകളുടെ മസിലുകളും തൊലിയും പൊട്ടുന്നതിനും ആ ശരീരഭാഗങ്ങളിലെ ജീവൻ നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു. ഇവ തുടരുന്നതു മുഖേന അവയുടെ കാലുകളുടെ ചലനശേഷി കുറയുന്നു. ആനകളുടെ ഇത്തരം മുറിവുകളിൽ കരിഓയിൽ തേക്കുകയും മുറിവുകളെ മറച്ചുവെയ്ക്കാൻ കറുത്തതുണികൾ വലിച്ചുകെട്ടുകയും ചെയ്യുന്നു. മുറിവുകളിൽ ഇറുകിപിടിച്ച ചങ്ങലകളും ഉത്സവപറമ്പുകളിൽ ആനകൾ അതിദാരുണമായ ചൂഷണത്തിനിരയാകുന്നു എന്നതിന്റെ നേർച്ചിത്രങ്ങളാണ്. കഴിഞ്ഞ വർഷങ്ങളിൽ ആനകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയത് പുതിയ നിയമരൂപീകരണത്തിന് വഴിയൊരുക്കിയെന്നത് യാഥാർത്ഥ്യമാണ്. സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും അതിന് കീഴിലെ ഓരോ ജില്ലകളിലെയും വെറ്ററിനറി ഉദ്യോഗസ്ഥരും ആനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ മൂന്നുമാസം കൂടുമ്പോൾ ചീഫ് വൈൽഡ്ലൈഫ് വാർഡന് കൊടുക്കണം എന്ന നിയമമുണ്ട്. എന്നാൽ ഇതൊന്നും യഥാവിധം പാലിക്കപ്പെടുന്നില്ല.

2008 ൽ പുതിയ പൂരങ്ങൾ പാടില്ലെന്ന് സർക്കാർ ഉത്തരവിറക്കിയിരുന്നു. പുതിയ എഴുന്നള്ളിപ്പുകളും നിരോധിച്ചിരുന്നു. പരമ്പരാഗത ഉത്സവങ്ങൾക്ക് മാത്രമെ ആനയെ ഉപയോഗിക്കാവൂ എന്നതാണ് നിയമം. തൃശൂർ ഉൾപ്രദേശങ്ങളിൽ മാത്രമായി 1200 ഓളം ഉത്സവങ്ങളാണുള്ളത്. ആലിൻ ചുവടുകളിൽ നിന്നും പുളിഞ്ചുവടുകളിൽ നിന്നും എന്തിന് ചായക്കടകളിൽ നിന്നുപോലും ആനകളെ കെട്ടിയെഴുന്നള്ളിക്കുകയും അത് ആചാരാനുഷ്ഠാനത്തിന്റെ ഭാഗമായി ചിത്രീകരിക്കുകയുമാണ് പൂരപ്രേമികൾ. പുരാണങ്ങളിൽ ആന പുറത്തിരുന്നു യാത്ര ചെയ്തതായി സൂചനപോലുമില്ലാത്ത ദൈവ ബിംബങ്ങളെയാണ് പ്രതീകാത്മകമായി ആനപ്പുറത്തെഴുന്നെള്ളിക്കുന്നത് എന്നത് എത്ര വിരോധാഭാസമാണ്. കൃത്രിമപ്പൂരങ്ങൾ മുക്കിലും മൂലയിലും പ്രത്യക്ഷപ്പെടുമ്പോൾ ആനകൾ ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യതയും വർദ്ധിക്കുന്നു. മൂന്ന് കിലോമീറ്റർ അകലം ആനയും മനുഷ്യരും തമ്മിൽ ഉണ്ടായിരിക്കണമെന്നും പൊതുവഴിമധ്യേ ആചാരങ്ങൾ നടപ്പിലാക്കരുതെന്നും സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പൊതുവഴിമധ്യേ ആഘോഷമായിത്തന്നെ ആചാരങ്ങൾ നടത്തി നിയമങ്ങൾ ലംഘിക്കപ്പെടുകയാണ്. നിയമങ്ങൾ ഏറ്റവും കൂടുതൽ ലംഘിക്കപ്പെടുന്ന ആഘോഷങ്ങളാണ് ആറ്റുകാൽ പൊങ്കാലയും തൃശൂർപൂരവും എന്നതാണ് ഞെട്ടിക്കുന്ന വസ്തുത. ക്ഷേത്രത്തിനകത്ത് മൂന്ന് ആനകളിൽ കൂടുതൽ പാടില്ലെന്നതും നിയമമാണ്. എന്നാൽ ഈ നിയമത്തെ തൃശൂർപൂരവുമായി ചേർത്തുനിർത്തിയാൽ ആ നിയമലംഘനത്തിന്റെ ആഴം നമുക്ക് വ്യക്തമാകും.

പാപ്പാന്മാർ അടക്കമുള്ള നിരവധി മനുഷ്യരുടെ ജീവൻ ആനക്കലി കാരണം ഈ ഉത്സവ സീസണിലും നഷ്ടമായിട്ടും ഒരു പുനർചിന്തയും ആർക്കുമുണ്ടായിട്ടില്ല. തെച്ചിക്കോട്ട് രാമചന്ദ്രൻ എന്ന പ്രമുഖ ആനയുടെ വിലക്ക് നീക്കാൻ സമരത്തിലാണ് ഇപ്പോൾ അവർ. തെച്ചിക്കോട്ട് രാമചന്ദ്രൻ ഷെഡിൽ കയറിയിട്ട് മാസങ്ങൾ കഴിയുന്നു. അമ്പതിനു മുകളിൽ പ്രായമുള്ള ഏഷ്യയിലെ തന്നെ ഏറ്റവും ഉയരമുള്ള ഈ ആന ഇതിനോടകമെടുത്തത് 13 മനുഷ്യജീവനാണ്. അതോടെയാണ് തൃശൂർ ദേവസ്വത്തിന്റെ അധികാരപരിധിയിലും ഉടമസ്ഥതയിലുമുള്ള ഈ ആനയെ എഴുന്നള്ളിക്കാനാകില്ലെന്ന് ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഉത്തരവിട്ടത്. എന്നാൽ ആന പതിവായി ഇടഞ്ഞാലും ആനപ്രേമികൾക്ക് ഒരു പ്രശ്നവുമില്ല. തെച്ചിക്കോട്ട് രാമചന്ദ്രനെ വീണ്ടും പൂരപ്പറമ്പിൽ എത്തിക്കണമെന്ന് ആവശ്യപ്പെട്ട് ആനപ്രേമികൾ ഒന്നടങ്കം പ്രതിഷേധ സമരത്തിലാണ്. തെരഞ്ഞെടുപ്പ് ചൂടിനിടയിലും മത്സരിക്കുന്ന സ്ഥാനാർത്ഥികളും ജനപ്രതിനിധികളും വരെ ആനപ്രേമികൾ നടത്തിയ ഈ നിയമവിരുദ്ധ സമരത്തിൽ പങ്കുചേർന്നു എന്നത് നാട്ടാനകൾ എത്തിച്ചേർന്നിരിക്കുന്ന ദയനീയ സ്ഥിതിയുടെ നേർചിത്രമാണ്. *(തയ്യാറാക്കിയത്: അമൃത കെ.എസ്)* ■